മണിമല ഡിസ്പെൻസറി.

MR. KALATHIL VELAYUDHAN NAIR (*Changanacherry II—General*) താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) മണിമല റേഞ്ചാഫീസു ഇട്ടിരുന്ന കെട്ടിടത്തിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെക്കുറിച്ചു വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

HON'BLE MR. E. K. MADHAVAN : (a) Yes.
(b) The matter is under cosideration.

ഇൻസ്പെക്ട്രസ് ജനറൽ ആഫ് വിമൻസ് ഹോസ്പിറ്റൽസ്.

MR. KALATHIL VELAYUDHAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഇൻസ്പെക്ട്രസ് ജനറൽ ആഫ് വിമൻസു ഹോസ്പിറ്റൽസ് എന്നൊരു പുതിയ ഉദ്യോഗം സൃഷ്ടിച്ചിട്ടുണ്ടോ ?

(ബി) അപ്രകാരം പുതിയ ഉദ്യോഗം സൃഷ്ടിക്കാനുള്ള കാരണമെന്തു?

HON'BLE MR. E. K. MADHAVAN : (a) Yes.
(b) To advise Government on the reorganisation and development of the Women and Children's Hospitals in the State and to work out the present scheme of the education of Nurses and Midwives as well as to formulate schemes for the efficient working of that branch.

മി. കെ. ആർ. നാരായണയ്യരുടെ പുതിയ ഉദ്യോഗം.

MR. KALATHIL VELAYUDHAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിലെ സിവിൽസപ്ലൈസ് ഡയറക്ടർ ആയിരുന്ന മി. കെ. ആർ. നാരായണയ്യരുടെ ഇപ്പോഴത്തെ ഉദ്യോഗം എന്താണ്?

(ബി) അദ്ദേഹത്തിനെ എന്നാണ് ഈ പുതിയ ഉദ്യോഗത്തിൽ നിയമിച്ചത്?

(സി) അദ്ദേഹത്തിനു ആവശ്യമുള്ള സ്റ്റാഫ് ആഫീസ് സ്റ്റേഷനറി മുതലായവ എപ്പോഴാണനുവദിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly